**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4207** **18-03-2025-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.ആർ. ഭാഗം 1-ലെ ചട്ടങ്ങളുടെ ഭേദഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. എ. ലത്തീഫ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കെ.എസ്.ആർ. ഭാഗം 1-ലെ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതിൽ നാളിതുവരെ എസ്.ആർ.ഒ. പ്രസിദ്ധീകരിക്കാത്ത ഉത്തരവുകൾ ഏതൊക്കെയാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളും എസ്.ആർ.ഒ. വിജ്ഞാപനങ്ങളും ഉൾപ്പെടുത്തി 2016 -ൽ കേരള സർവ്വീസ് ചട്ടങ്ങളുടെ എട്ടാം എഡിഷൻ പുറത്തിറക്കിയിട്ടുണ്ട്. ഇതിന് ശേഷം പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളിൽ എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാനുള്ളവയുടെ വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു.

**(ബി)** കെ.എസ്.ആർ. ഭാഗം 1-ൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കാമോ;

**<u>മറുപടി:</u>** എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ച ശേഷം തയ്യാറാക്കുന്ന കരട് എസ്.ആർ.ഒ വിജ്ഞാപനം അക്കൗണ്ടന്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം മാത്രമാണ് വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്. ഇതിലേക്കായി നടപടിക്രമങ്ങളുടെ ഭാഗമായ കാലതാമസം മാത്രമാണ് ഉണ്ടാകാറുള്ളത്.

**(സി)** അപ്രകാരം 1956 മുതൽ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ളവയിൽ ലഭ്യമായ എല്ലാ എക്സിക്യൂട്ടീവ് ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളും എസ്.ആർ.ഒ. വിജ്ഞാപനങ്ങളും ഉൾപ്പെടുത്തി 2016 ൽ കേരള സർവ്വീസ് ചട്ടങ്ങളുടെ എട്ടാം എഡിഷൻ പുറത്തിറക്കിയിട്ടുണ്ട്. ഇതിന് ശേഷം പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളുടെ പകർപ്പുകൾ ശേഖരിച്ച് വരുന്നു.

**(ഡി)** കേരള സർവീസ് ചട്ടത്തിലെ ഭാഗം ഒന്നിലെ അവശേഷിക്കുന്ന ഭേദഗതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

**<u>മറുപടി:</u>** കെ.എസ്.ആർ. ഭാഗം 1-ൽ അവശേഷിക്കുന്ന ഭേദഗതികൾ നടപടിക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**